## കേരളനിയമസഭ

## പാർലമെന്ററി പഠന പരിശീലന കേന്ദ്രം

# നിയമസഭാ മാധ്യമ അവാർഡ് 2019

മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും പരിപോഷണത്തിന് ശക്തി പകരുന്ന മാധ്യമ സൃഷ്ടികൾക്കായി **ആർ. ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡ്** എന്ന പേരിലും പൊതു സമൂഹത്തെ സ്വാധീനിക്കുകയും സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും ചെയ്ത അന്വേഷണാത്മക മാധ്യമ സൃഷ്ടികൾക്കായി **ഇ. കെ. നായനാർ നിയമസഭാ മാധ്യമ അവാർഡ്** എന്ന പേരിലും നിയമസഭാ നടപടികളുടെ ഏറ്റവും മികച്ച റിപ്പോർട്ടിംഗിന് **ജി. കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡ്** എന്ന പേരിലും ദൃശ്യ-അച്ചടി മാധ്യമ വിഭാഗങ്ങൾക്ക് കേരള നിയമസഭ പ്രത്യേക അവാർഡുകൾ ഏർപ്പെടുത്തുകയുണ്ടായി. ദൃശ്യ-അച്ചടി മാധ്യമങ്ങൾക്ക് പ്രത്യേക അവാർഡുകളായി മൂന്ന് വിഭാഗങ്ങൾക്കും കൂടി **ആകെ ആറ്** അവാർഡുകളാണുള്ളത്. **അൻപതിനായിരം രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ്** ഓരോ അവാർഡും. സ്കീമിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് സമർപ്പിച്ച **68 എൻട്രികൾ** അവാർഡ് നിർണ്ണയത്തിനായി പരിഗണിച്ചു.

## അവാർഡിനുള്ള പൊതുനിബന്ധന

അച്ചടി മാധ്യമ വിഭാഗത്തിൽ സമർപ്പിക്കപ്പെടുന്ന എൻട്രികളുമായി ബന്ധപ്പെട്ട പ്രധാന നിബന്ധന അപേക്ഷകൻ കേരളത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന, മലയാളത്തിലുള്ള പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വ്യക്തിയായിരിക്കണമെന്നും അവാർഡിനായി സമർപ്പിക്കുന്ന റിപ്പോർട്ട്/ഫീച്ചർ/ലേഖനം മലയാളത്തിലുള്ളതും 2018 ജനുവരി 1നും ഡിസംബർ 31-നും ഇടയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും, പ്രസിദ്ധീകരിച്ച ശേഷം എഡിറ്റ് ചെയ്യാത്തവ ആയിരിക്കേണ്ടതാണെന്നതുമായിരുന്നു. ദൃശ്യ മാധ്യമ വിഭാഗത്തിൽ സമർപ്പിക്കപ്പെടുന്ന എൻട്രികളുമായി ബന്ധപ്പെട്ട പ്രധാന നിബന്ധന അപേക്ഷകൻ/ അപേക്ഷക മലയാളം ടെലിവിഷൻ ചാനലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വ്യക്തിയായിരിക്കണമെന്നും

അവാർഡിനായി സമർപ്പിക്കുന്ന റിപ്പോർട്ട്/ ഷോർട്ട് ഫിലിം / പരിപാടി മലയാളത്തിലുള്ളതും 2018 ജനുവരി 1 നും ഡിസംബർ 31 നും ഇടയിൽ ആദ്യമായി സംപ്രേഷണം ചെയ്തിട്ടുള്ളതും സംപ്രേഷണം ചെയ്ത ശേഷം എഡിറ്റ് ചെയ്യാത്തതും ആയിരിക്കേണ്ടതാണെന്നതുമായിരുന്നു. കൂടാതെ ദൃശ്യ മാധ്യമ വിഭാഗത്തിൽ ഒരു അപേക്ഷകന് ഒരു അവാർഡിനായോ മൂന്നു അവാർഡുകൾക്കും കൂടിയോ പരമാവധി മൂന്ന് എൻട്രികൾ സമർപ്പിക്കുവാനുള്ള അവസരം നൽകിയിരുന്നു. ഇതുപോലെ അച്ചടി മാധ്യമ വിഭാഗത്തിലും അപേക്ഷകന് ഒരു അവാർഡിനായോ മൂന്നു അവാർഡുകൾക്കും കൂടിയോ പരമാവധി മൂന്ന് എൻട്രികൾ സമർപ്പിക്കുവാനുള്ള അവസരം ഉണ്ടായിരുന്നു.

**ഓരോ അവാർഡും നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം താഴെപ്പറയും പ്രകാരമായിരുന്നു**

I .<u>ആർ ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡ്</u>

ആർ ശങ്കരനാരായണൻ തമ്പി മാധ്യമ അവാർഡിനായുള്ള സൃഷ്ടികൾ,

(i) മലയാള ഭാഷയോടുള്ള ആഭിമുഖ്യം സമൂഹത്തിൽ വളർത്തിയെടുക്കുന്നതിന് സഹായകമായതോ;

(ii) കേരള സംസ്കാരത്തിന്റെ ഭാഗമായ ആചാരാനുഷ്ഠാനങ്ങൾ, കലാരൂപങ്ങൾ തുടങ്ങിയവ മൺമറഞ്ഞു പോകാത്തവിധം മാധ്യമങ്ങളിലൂടെ പുതുതലമുറയ്ക്കുകൂടി പരിചിതമാക്കുന്നതോ;

(iii) ഭാഷയുടെ ഉത്ഭവവും കാലാകാലങ്ങളിലൂടെയുണ്ടായ പരിണാമവും വളർച്ചയും സംബന്ധിച്ചതോ;

(iv) മലയാള ഭാഷാ വാമൊഴിയുടെ വൈവിധ്യം മറ്റു ഭാഷകളുടെയും പ്രമുഖ ഭാഷാ ഭേദങ്ങളുടെയും കടന്നുകയറ്റത്തിലൂടെ നഷ്ടമാകാതെ സംരക്ഷിക്കുന്നതിന് സഹായകമായതോ ആയിരിക്കേണ്ടതാണ്.

II. <u>ഇ. കെ. നായനാർ നിയമസഭാ മാധ്യമ അവാർഡ്</u>

ഇ. കെ. നായനാർ മാധ്യമ അവാർഡിനായുള്ള സൃഷ്ടികൾ,

(i) പൊതു സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും പൊതു സമൂഹത്തെ ഏറെ സ്വാധീനിക്കുകയും ചെയ്ത അന്വേഷണാത്മകമായ രൂപത്തിലുള്ളതോ;

(ii) പൊതു സമൂഹത്തെ പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്ന വിഷയങ്ങളെ

ആഴത്തിൽ പഠിച്ച്, പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിന് ക്രിയാത്മക നിർദ്ദേശങ്ങൾ നൽകുന്ന തരത്തിലുള്ളതോ;

(iii) ജനാധിപത്യ മൂല്യങ്ങളെക്കുറിച്ചും അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചോ ജനാധിപത്യ സംവിധാനം കേരളത്തിലെയും ഇന്ത്യയിലെയും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നൽകിയിട്ടുള്ള സംഭാവനകളെക്കുറിച്ചോ ഉള്ള പഠനങ്ങളോ ;

(iv) കേരളത്തിലും ഇന്ത്യയിലും ജനാധിപത്യ വ്യവസ്ഥിതി നേരിടുന്ന വെല്ലുവിളികൾ, അവ നേരിടുവാൻ വിവിധ തലങ്ങളിൽ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ എന്നിവയെ ആസ്പദമാക്കിയുള്ളവയോ ആയിരിക്കേണ്ടതാണ്.

## III. ജി. കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡ്

ജി. കാർത്തികേയൻ മാധ്യമ അവാർഡിനായുള്ള എൻട്രികൾ,

(i) സർക്കാരിന്റെ നയരൂപീകരണത്തിൽ കേരള നിയമസഭയിലെ ചർച്ചകൾ വഹിക്കുന്ന പങ്ക് വിശദമാക്കുന്ന സഭാ നടപടി റിപ്പോർട്ടോ;

(ii) നിയമനിർമ്മാണത്തിൽ കേരള നിയമസഭയിലെ ചർച്ചകൾ വഹിക്കുന്ന പങ്ക് വിശദമാക്കുന്ന തരത്തിലോ സമാനസ്വഭാവത്തിലോ ഉള്ള സഭാ നടപടി റിപ്പോർട്ടോ;

(iii) വരും വർഷത്തെ ചെലവിനങ്ങളും അനുവദിക്കേണ്ട തുകയും സംബന്ധിച്ച തീരുമാനങ്ങളിൽ കേരള നിയമസഭയിലെ ചർച്ചകൾ വഹിക്കുന്ന പങ്ക് വിശദമാക്കുന്ന സഭാ നടപടി റിപ്പോർട്ടോ മറ്റേതെങ്കിലും തരത്തിലുള്ള സഭാനടപടികളെ സംബന്ധിച്ച സമഗ്രമായ നടപടി റിപ്പോർട്ടോ ആയിരിക്കേണ്ടതാണ്.

## നിയമസഭാ മാധ്യമ അവാർഡ്-2019 ജൂറി

**ഡോ.ജെ.പ്രഭാഷ് ചെയർമാനും ശ്രീ.ആർ.എസ്.ബാബു, ഡോ.സെബാസ്റ്റ്യൻ പോൾ, ശ്രീ. ജേക്കബ് ജോർജ്ജ്, ഡോ.ഖദീജ മുംതാസ്, ശ്രീ. സി. ജോസ് (മെമ്പർ സെക്രട്ടറി)** എന്നിവർ അംഗങ്ങളുമായ മാധ്യമ അവാർഡ് ജൂറി, അവാർഡ് നിർണ്ണയത്തിനായി യോഗങ്ങൾ ചേരുകയും എൻട്രികൾ പരിശോധിച്ച് അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കുകയും ചെയ്തു.

## അവാർഡ് ജേതാക്കളുടെ വിശദാംശം

## ആർ. ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡ്

### അച്ചടി മാധ്യമ വിഭാഗം

(IP)

പുരസ്കാര ജേതാവ് : ജോണി ലൂക്കോസ്

പുരസ്കാരത്തിന് അർഹമായ സൃഷ്ടി : ചില മലയാളം കഥകൾ

പ്രസിദ്ധീകരിച്ച മാധ്യമം : ഭാഷാപോഷിണി, മലയാള മനോരമ - കമ്പനി ലിമിറ്റഡ്

(2018 നവംബർ ലക്കം പ്രസിദ്ധീകരിച്ചത്)

### ദൃശ്യ മാധ്യമ വിഭാഗം

(I V)

പുരസ്കാര ജേതാവ് : വിനു മോഹനൻ

പുരസ്കാരത്തിന് അർഹമായ സൃഷ്ടി : പടയണിക്കാലം (ഡോക്യുമെന്ററി)

സംപ്രേഷണം ചെയ്ത മാധ്യമം : മനോരമ ന്യൂസ്

(2018 മേയ് 12, രാത്രി 7.30-ന്. സംപ്രേഷണം ചെയ്തത്)

## ഇ.കെ. നായനാർ നിയമസഭാ മാധ്യമ അവാർഡ്

### അച്ചടി മാധ്യമ വിഭാഗം

(II P)

പുരസ്കാര ജേതാവ് : രേഖാചന്ദ്ര

പുരസ്കാരത്തിന് അർഹമായ സൃഷ്ടി : മാന്തോപ്പുകളിലെ വിഷമരണങ്ങൾ

പ്രസിദ്ധീകരിച്ച മാധ്യമം : സമകാലിക മലയാളം വാരിക

(2018 മേയ് 28, ജൂൺ 4 - രണ്ട് ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചത്)

## ദൃശ്യ മാധ്യമ വിഭാഗം

(II V)

പുരസ്കാര ജേതാവ് : കെ. രാജേന്ദ്രൻ

പുരസ്കാരത്തിന് അർഹമായ സൃഷ്ടി : ബുള്ളറ്റ്, പെല്ലറ്റ്, ടെർമൈറ്റ്.......
സംഘർഷമേഖലയിലെ കുട്ടികളിലൂടെ -

സംപ്രേഷണം ചെയ്ത മാധ്യമം : പീപ്പിൾ ടി.വി c/o കൈരളി ടിവി

(2018 നവംബർ 18 രാത്രി 7.30-ന് സംപ്രേഷണം ചെയ്തത്)

# ജി. കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡ്

## അച്ചടി മാധ്യമ വിഭാഗം

(III P)

പുരസ്കാര ജേതാവ് : എസ്.എൻ. ജയപ്രകാശ്

പുരസ്കാരത്തിന് അർഹമായ സൃഷ്ടി : കരുണയോടെ സഭ

പ്രസിദ്ധീകരിച്ച മാധ്യമം : മാതൃഭൂമി ദിനപത്രം

(2018 ഏപ്രിൽ 5-ന് പ്രസിദ്ധീകരിച്ചത്)

## ദൃശ്യ മാധ്യമ വിഭാഗം

(III V)

പുരസ്കാര ജേതാവ് : സീജി ജി.എസ്

പുരസ്കാരത്തിന് അർഹമായ സൃഷ്ടി : വിവിധ നിയമസഭാ വാർത്തകൾ

സംപ്രേഷണം ചെയ്ത മാധ്യമം : മാതൃഭൂമി ന്യൂസ്

(22/1/18, 2/2/18, 30/8/18, 9/11/18, 28/11/18, 3/12/18, 4/12/18, 5/12/18, 13/12/18 -തീയതികളിൽ സംപ്രേഷണം ചെയ്തത്)